# ചീഫ് എഞ്ചിനിയറുടെ കാര്യാലയം തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനിയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. ജോൺസൺ. കെ)

വിഷയം : തസ്വഭവ – LID&EW – ജീവനക്കാര്യം – രണ്ടാം തരം ഓവർസിയർ തസ്തികയിലെ അന്തിമ മുൻഗണനാപ്പട്ടിക ഭേദഗതി ചെയ്തുത്തരവാകുന്നു.

പരാമർശം :
1) കേരള പി.എസ്.സി-യുടെ 01.11.2018-ലെ RE III (3)1443/2014 നമ്പർ നിയമന ശുപാർശ.
2) 13.05.2019-ലെ ഇതേ നമ്പർ അന്തിമ മുൻഗണനാപ്പട്ടിക.
3) 04.08.2020-ലെ ഇ5-7004/2010/സിഇ/തസ്വഭവ നമ്പർ ഉത്തരവ്.
4) കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 20.12.2021-ലെ എ3/150/21/ഇഇ/തസ്വഭവ/കൊല്ലം നം. കത്ത്.

## ഉത്തരവ് നം.E22-12300(1)/2015/സിഇ/LID&EW തീയതി.28.08.2022

ഈ വകുപ്പിൽ പരാമർശം (1) പ്രകാരം രണ്ടാം തരം ഓവർസിയറായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. നീതുരാജൻ, പൊതുമരാമത്ത് വകുപ്പിൽ മൂന്നാം തരം ഓവർസിയറായി നിയമനം ലഭിച്ചതിനെ തുടർന്ന് ഈ വകുപ്പിൽ നിന്ന് 08.04.2019-ന് വിടുതൽ വാങ്ങുകയും, തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം തിരികെ ഈ വകുപ്പിൽ രണ്ടാം തരം ഓവർസിയർ തസ്തികയിൽ 08.10.2020-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. പരാമർശം (3) ഉത്തരവിൽ ടിയാരിയുടെ 08.04.2019 തീയതിയുടെ മുൻകാല സേവന കാലയളവ് നഷ്ടപ്പെട്ടതായി പരാമർശം ഇല്ലാത്തതിനാൽ ടിയാരിക്ക് പരാമർശം (2) രണ്ടാം തരം ഓവർസിയർമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ നൽകിയിരുന്ന റാങ്ക് നമ്പർ 1642 എന്ന സ്ഥാനം നില നിൽക്കുന്നതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

AK